**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുരുവായൂർ നഗരസഭ - ജീവനക്കാർക്കെതിരായ ആരോപണം - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധ)നം. 3132/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.12.2013

=====================================================================

പരാമർശം:-
1) വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ ഡയറക്ടറുടെ 2.11.2012 തീയതിയിലെ E8(SC 56/12/TSR) 20599/12 നമ്പർ കത്ത്.
2) 21.03.2013 തീയതിയിലെ 8748/ഇയു1/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. രഘുരാമന്റെ 8.4.2012 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 18.7.2013-ലെ വി2-5697/2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗുരുവായൂർ നഗരസഭയിലെ ജീവനക്കാർക്കെതിരായ ശ്രീ.കെ.പി. അജയ കുമാർ, ചാവക്കാട് എന്നയാളുടെ പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തൃശൂർ യൂണിറ്റ് ഗുരുവായൂർ നഗരസഭയിൽ 17.8.2012-ൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ നഗരസഭയിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും നഗരസഭാ ജീവനക്കാർ ഉൾപ്പെടെയുള്ള നഗരസഭാ ജീവനക്കാരുടെ കൈവശം ഉള്ള പണം സംബന്ധിച്ച വിശദാംശങ്ങൾ എഴുതി സൂക്ഷിക്കാത്തതിനാൽ ജീവനക്കാരുടെ കൈവശം അനധികൃതമായി പണം ഉണ്ടോ എന്ന് പരിശോധിക്കാനായില്ല എന്നും ഇത്തരത്തിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കാതിരുന്നത് നഗരസഭയിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറിയുടെ ഔദ്യോഗിക കൃത്യനിർവ്വണത്തിലെ വീഴ്ചയ്ക്ക് സെക്രട്ടറിക്കെതിരായി അച്ചടക്ക നടപടിയ്ക്ക് പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനായ നഗരസഭാ സെക്രട്ടറി ശ്രീ. രഘുരാമന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. രഘുരാമൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ജീവനക്കാർ കൈവശമുള്ള പണത്തിന്റെ കണക്ക് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന് വ്യവസ്ഥയുള്ളത് ടിയാന് അറിവില്ലായിരുന്നുവെന്നും നഗരസഭയിൽ ടിയാൻ ചാർജ്ജെടുക്കുന്നതിനു മുമ്പും സൂക്ഷിക്കുന്ന പതിവുണ്ടായിരുന്നില്ലെന്നും ആയതിനാൽ ടിയാൻ

നിലവിൽ ജോലി ചെയ്യുന്ന നഗരസഭയിൽ ഓരോ സെക്ഷനിലും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മേലിൽ ആയത് പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും ആകയാൽ തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും ബോധിപ്പിച്ചിരുന്നു.

2005-ൽ നഗരസഭാ സെക്രട്ടറിയായി നിയമിതനായിട്ടുള്ള ടിയാൻ 7 വർഷം സേവനം പൂർത്തിയാക്കിയിട്ടും ഇക്കാര്യം മനസ്സിലാക്കിയിട്ടില്ല എന്നത് പരിഗണിക്കത്തക്കതല്ലായെന്നും എന്നാൽ വിജിലൻസ് പരിശോധന നടത്തിയിട്ടുള്ള മിക്ക നഗരസഭകളിലും ഈ അപാകത ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം പൊതുവേ കണ്ടുവരുന്നതാണെന്നതും വിജിലൻസ് പരിശോധനയ്ക്ക് ശേഷം ശ്രീ. രഘുരാമൻ ജോലി നോക്കിയ നഗരസഭകളിൽ ടി രജിസ്റ്റർ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നതും കണക്കിലെടുത്ത് ടിയാനെതിരായ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ചട്ടങ്ങളെ കുറിച്ചുള്ള അജ്ഞത ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തക്കതായ കാരണം അല്ല. എന്നാൽ നഗരസഭയിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചില്ലെന്ന ആരോപണം പൊതുവേ കണ്ടുവരുന്നതാണ്. ആയത് സൂക്ഷിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും ഭാവിയിലും ആയത് ശ്രദ്ധിക്കുന്നതാണെന്നുമുള്ള ശ്രീ. രഘുരാമന്റെ വിശദീകരണം പരിഗണിച്ച് മേലിൽ ഇത്തരത്തിലുള്ള ക്രമക്കേട് ആവർത്തിക്കരുതെന്ന് കരശനമായ 'താക്കീത്' നൽകി ഇക്കാര്യത്തിൽ ടിയാനെതിരായ തുടർ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് & ആൻറി കറപ്ഷൻസ് ബ്യൂറോ, തിരുവനന്തപുരം
സെക്രട്ടറി, ഗുരുവായൂർ നഗരസഭ
ശ്രീ.രഘുരാമൻ സെക്രട്ടറി, ഗുരുവായൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക് ഷൻ ഓഫീസർ**